**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ''ഓപ്പറേഷൻ ടു ടയർ'' വിജിലൻസ് മിന്നൽ പരിശോധന - ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3085/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.10.2015

=====================================================================

പരാമർശം:-

1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ E12(SC4/12/KKD)15208/12 നമ്പർ കത്ത്.
2) 05.06.2013 തീയതിയിലെ 59113/ഇയു1/12/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. പി.ജി ഗോപിയുടെ പ്രതിവാദ പത്രിക.
4) ശ്രീമതി. സി. കെ സുശീല കുറ്റാരോപണ മെമ്മോയ്ക്കു സമർപ്പിച്ച 08.07.2013 തീയതിയിലെ പ്രതിവാദ പത്രിക.
5) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ. പ്രഭാകരൻ സമർപ്പിച്ച 07.07.2013 തീയതിയിലെ പ്രതിവാദ പത്രിക.
6) ശ്രീ. സി.വി. മോഹൻ രാജ് കുറ്റാരോപണ മെമ്മോയ്ക്കു സമർപ്പിച്ച 07.07.2013 തീയതിയിലെ പ്രതിവാദ പത്രിക.
7) കോഴിക്കോട് നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 20.02.2014 തീയതിയിലെ സി-1844/2013 നമ്പർ കത്ത്.
8) നഗരകാര്യ ഡയറക്ടറുടെ 19.05.2014 തീയതിയിലെ വി2-11033/13 നമ്പർ കത്ത്.

**ഉത്തരവ്**

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ വിജിലൻസ് മിന്നൽ പരിശോധനകളുടെ ഭാഗമായി ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ്, വടകര നഗരസഭയിൽ 27.2.2012-ന് നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. ഫയലുകളും രജിസ്റ്ററുകളും നിയമാനുസൃതം കൃത്യമായി സൂക്ഷിച്ചില്ല.
2. ട്രേഡ് ലൈസൻസുകൾ പുതുക്കുന്നതിനുള്ള ധാരാളം അപേക്ഷകൾ നടപടി കൈക്കൊള്ളാതെയും, കൃത്യമായി നൽകാതെയുമിരുന്നു.
3. വടകര നഗരസഭയിൽ പൗരാവകാശ രേഖ പ്രദർശിപ്പിച്ചില്ല.
4. നഗരസഭയുടെ പ്രവർത്തനം പരിതാപകരമാണ്.

വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടർ പരാമർശം (1)-ലെ കത്തിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിനുത്തര വാദികളായ വടകര നഗരസഭാ സെക്രട്ടറി ശ്രീ. പി. ജി. ഗോപി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീമതി. സുശീല, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. പ്രഭാകരൻ, ശ്രീ. മോഹൻരാജ് എന്നിവർക്ക് അച്ചടക്കനടപടി കൈക്കൊള്ളുന്ന തിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. പി. ജി. ഗോപി, ശ്രീമതി. സി.കെ. സുശീല, ശ്രീ. കെ. പ്രഭാകരൻ, ശ്രീ. സി.വി. മോഹൻരാജ് എന്നിവർ യഥാക്രമം പരാമർശം (3) മുതൽ (6) വരെ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ഇക്കാര്യത്തിൽ അന്വേഷണം നടത്തിയതിൽ ആഫീസ് പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിഹൃദമാക്കിയിട്ടുണ്ടെന്നും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയത് പ്രദർശിപ്പിക്കുന്നതിനു വേണ്ടി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (8) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ പരിശോധിച്ചതിൽ ടിയാളുകളുടെ ഭാഗത്ത് ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചകൾ

ഉണ്ടായതായി കാണുന്നില്ല. കുറ്റാരോപിതരെല്ലാം ഇതിനോടകം സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ മാനുഷിക പരിഗണന നൽകി ഈ വിഷയത്തിൽ കുറ്റോരാപിതരായ നഗരസഭാ സെക്രട്ടറി ശ്രീ.പി.ജി. ഗോപി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ശ്രീമതി. സുശീല, ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. പ്രഭാകരൻ, ശ്രീ. മോഹൻ രാജ് എന്നിവർക്കെതിരായ നടപടി അവസാനിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, വടകര നഗരസഭ.
ശ്രീ. പി. ജി. ഗോപി, റിട്ട. മുനിസിപ്പൽ സെക്രട്ടറി
ശ്രീമതി. സി.കെ. സുശീല, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I
ശ്രീ. കെ. പ്രഭാകരൻ, റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ.
ശ്രീ. സി.വി. മോഹൻരാജ്, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ
} നഗരകാര്യ ഡയറക്ടർ മുഖേന
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**